ഖുത്വ്ബ നമ്പർ
22
01-06-2012

بسم الله الرحمن الرحيم O نحمده اونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

ജുമുഅ ഖുത്വ്ബ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز
വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ

# മുഴുവൻ സൃഷ്ടികളോടും സഹാനുഭൂതി പ്രകടിപ്പിക്കുക.

അൽഹംദുലില്ലാഹ്. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ജർമ്മനിയുടെ വാർഷിക സമ്മേളനം ആരംഭിക്കുകയാണ്. ഈ വർഷം സംഘാടകർ കഴിഞ്ഞ വർഷത്തെ പോരായ്മകളെ മുമ്പിൽ കണ്ട്കൊണ്ട് ഇതിനെ മെച്ചപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ശബ്ദ സംവിധാനം ശരിയായിരുന്നില്ല. ഇതിൽ എത്ര മാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് ഇന്നറിയാം. കഴിഞ്ഞ വർഷം ഇവിടെ കാൽസുവയിലെ ഈ ഹാളിൽ ആദ്യമായാണ് ജൽസ സംഘടിപ്പിച്ചത്. അതുകൊണ്ട് പുതിയ സ്ഥലത്ത് ഉണ്ടാകുന്ന പോരായ്മകൾ ഇവിടെയും ഉണ്ടായി. ഇക്കാര്യത്തിൽ സംഘാടകരെ ആക്ഷേപിക്കേണ്ട ഒരു കാര്യവുമില്ല. സംഘാടകർ അവരുടെ പോരാഴ്മകൾ പരിഹരിക്കാൻ ശ്രമിച്ചിട്ടില്ലായിരുന്നുവെങ്കിൽ തീർച്ചയായും ആക്ഷേപിക്കപ്പെടാമായിരുന്നു. എന്നാൽ ഞാൻ പറഞ്ഞതുപോലെ തങ്ങളുടെ പോരായ്മകളെ മുമ്പിൽ കണ്ടുകൊണ്ട് സംഘാടകർ ചില കുറവുകളും പോരായ്മകളും പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇതേപോലെ കഴിഞ്ഞ വർഷം പുതിയ സ്ഥലമായതു കാരണം മൊത്ത ചെലവ് കണക്കുകൂട്ടിയതിൽ വന്ന ചില പാളിച്ചകൾ പ്രതീക്ഷിച്ചതിനെക്കാളും കൂടുതൽ ചെലവ് വന്നിരുന്നു. ഇതിലും ഇപ്രാവശ്യം കുറവു വരുത്താൻ ശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇപ്പോഴും പലതും പരിഹരിക്കാനും മെച്ചപ്പെടുത്താനുമുണ്ട്. ഇക്കാര്യങ്ങളിൽ സംഘാടകർ ശ്രദ്ധിക്കേണ്ടതാണ്.

പുരോഗതി പ്രാപിക്കുന്ന സമൂഹങ്ങൾ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് കൊണ്ട് മുന്നോട്ട് പോവുകയാണ് ചെയ്യാറ്. ചിലപ്പോൾ സ്വന്തം അനുഭവങ്ങളിൽ നിന്നും മറ്റു ചിലപ്പോൾ മറ്റുള്ളവരുടെ അനുഭവങ്ങളിൽ നിന്നും പാഠം ഉൾക്കൊള്ളുന്നു. ഓരോ നല്ല മശ്വറകളും നല്ല കാര്യങ്ങളും സ്വായത്തമാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നതാണ്. ഈ ഒരു കാര്യമാണ് നമ്മുടെ യജമാനരായ ഹദ്റത്ത മുഹമ്മദ് മുസ്തഫ (സ) നമുക്ക് പഠിപ്പിച്ചുതന്നിരിക്കുന്നത്. പറയുന്നു. എല്ലാ നല്ല കാര്യങ്ങളും യുക്തിപരമായ കാര്യങ്ങളും വിശ്വാസിയുടെ കളഞ്ഞുപോയ സ്വത്താണ്. അത് എവിടെ നിന്ന് ലഭിച്ചാലും സ്വീകരിക്കുക. ഇതിലാണ് ആത്മീയവും ഭൗതികവുമായ പുരോഗതിയുടെ രഹസ്യം അടങ്ങിയിരിക്കുന്നത്.

കഴിഞ്ഞ വർഷം ഞാൻ ജർമ്മനിയിൽ വന്നപ്പോൾ ബർലിനിലെ ലോഡ് മേയറിനോട്, അദ്ദേഹത്തിന് ഇവിടത്തെ സ്റ്റേറ്റ് ഗവർണറുടെ പദവിയാണുള്ളത്, അദ്ദേഹത്തോട് ഈ ഹദീസിനെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞത് ഇതാണ്: നിങ്ങളുടെ അധ്യാപനവും പ്രവർത്തനവുമിതാണെങ്കിൽ വളരെ വേഗത്തിൽ നിങ്ങൾ ലോകത്തെ നിങ്ങളോടൊപ്പം അണിനിരത്തുന്നതായിരിക്കും. അങ്ങനെ ലോകത്തെ വിജയിച്ചടക്കുന്നതായിരിക്കും. ഏകദേശം ഇതേ വാക്കുകളിലൂടെയാണ് അദ്ദേഹം പ്രതികരിച്ചത്. ഇൻശാഅല്ലാഹ് ഈ വിജയം നടക്കുക തന്നെ ചെയ്യും.

നാം പുരോഗമിക്കുന്ന സമൂഹമാണെങ്കിൽ - തീർച്ചയായും നാം പൂരോഗമിക്കുന്ന സമൂഹം തന്നെയാണ് - നമുക്ക് നമ്മുടെ പോരായ്മകൾക്കു നെരെ കണ്ണടക്കാൻ പാടില്ല. മറിച്ച് കണ്ണു തുന്ന് നോക്കി പരിഹരിക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. ഭൗതിക ദൃഷ്ടിയോട് മാത്രം നോക്കിയാൽ പോരാ. നാം ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിച്ചു എന്ന് വാദിക്കുന്നവരാണ്. അദ്ദേഹം ഈ ഭൂമുഖത്തെ തിരുനബി(സ)യുടെ ഏറ്റവും ശക്തനായ പ്രേമിയാണ്. അദ്ദേഹം സൃഷ്ടാവിനോടുള്ള നമ്മുടെ കടമകളെക്കുറിച്ച് സൃഷ്ടികളോടുള്ള കടമകളെക്കുറിച്ചും പറഞ്ഞുതരാനാണ് വന്നിരിക്കുന്നത്. അതുകൊണ്ട് നാം തഖ്വയിൽ നിലനിന്നുകൊണ്ട് തഖ്വയുടെ കണ്ണ്കൊണ്ട് ഇതെല്ലാം നോക്കണം എന്നാണ് ഇവയെല്ലാം നമ്മോട് ആവശ്യപ്പെടുന്നത്. അല്ലാഹുവിനോടുള്ള ഭയം നമ്മുടെ ഹൃദയങ്ങളിൽ നാം ഉണ്ടാക്കണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈകളിൽ ചെയ്തിരിക്കുന്ന ബൈഅത്തിന്റെ പ്രതിജ്ഞ നാം നിറവേറ്റേണ്ടതാണ്. ഈ കാര്യങ്ങളെല്ലാം മുമ്പിൽ വെച്ചുകൊണ്ട് നാം എല്ലാ ബലഹീനതകളെയും അകറ്റേണ്ടതാണ്. ഇതിനായി പരിശ്രമിക്കേണ്ടതാണ്. വെറും സംവിധാനത്തിലുള്ള ബലഹീനത മാത്രമല്ല വ്യക്തിപരമായ ബലഹീനതകളും അകറ്റാൻ ശ്രമിക്കുക. ജൽസയിൽ പങ്കെടുക്കുന്ന ഓരോരുത്തരും ഈയൊരു ചിന്തയോടുകൂടി വരികയാണെങ്കിൽ, ഓരോ പുരുഷനും സ്ത്രീയും തങ്ങളുടെ ചിന്തകളെ ഈ രീതിൽ ഉന്നതമാക്കുകയാണെങ്കിൽ അതേപോലെ സംഘാടകരും തഖ്വയെ മുൻനിർത്തിക്കൊണ്ട് തങ്ങളുടെ സംവിധാനത്തെ മുന്നോട്ട് കൊണ്ടുപോകുകയാണെങ്കിൽ ജൽസയുടെ അനുഗ്രഹത്തിൽ നിന്ന് ഇതിൽ പങ്കെടുക്കുന്നവരും സേവനം ചെയ്യുന്നവരും ഫലമെടുക്കുന്നതാണ്. മൊത്തത്തിൽ ജമാഅത്തും മുന്നോട്ട് കുതിക്കുന്നതായിരിക്കും, ഇൻശാ അല്ലാഹ്.

ജൽസയുടെ ലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇബാദത്തുകളെയും തബ്ലീഗിനെയും തഖ്വയെയും മറ്റു കാര്യങ്ങളെക്കുറിച്ചും പറഞ്ഞപ്പോൾ അതിൽ സൃഷ്ടികളോടുള്ള കടമകളെക്കുറിച്ചും അവരോട് സഹാനുഭൂതി പ്രകടിപ്പിക്കേണ്ടതിനെക്കുറിച്ചും പ്രത്യേകമായി എടുത്ത് പറയുകയുണ്ടായി. സൃഷ്ടികളോടുള്ള ശരിയായ സഹാനുഭൂതി മനസ്സിൽ ഉണ്ടായിക്കഴിഞ്ഞാൽ അവരോടുള്ള കടമ സ്വയം നിറവേറ്റുന്നതായിരിക്കും. അതുകൊണ്ട് ഇക്കാര്യത്തിലേക്ക് ഓരോ അഹ്മദിയും ശ്രദ്ധിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ജൽസയെക്കുറിച്ച് നോട്ടീസ് പരസ്യപ്പെടുത്തിക്കൊണ്ട് എടുത്തുപറഞ്ഞ കാര്യങ്ങളിൽ അല്ലാഹുവിന്റെ ഭയത്തിലേക്കും തഖ്വയിലേക്കും ഭക്തിയിലേക്കും ശ്രദ്ധ ക്ഷണിച്ചതുപോലെത്തന്നെ നമ്രഹൃദയത്തിലേക്കും പരസ്പര സ്നേഹത്തിലേക്കും സാഹോദര്യബന്ധത്തിലേക്കും വിന

യത്തിലേക്കും ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ആരാധന ചെയ്യുക എന്നത് മാത്രമല്ല തഖ്‌വ, ജമാഅത്തിന് സേവനം ചെയ്യുക എന്നത് മാത്രമല്ല തഖ്‌വ, അല്ലാഹുവിനോടും അവന്റെ റസൂലിനോടും സ്നേഹം പ്രകടിപ്പിക്കൽ മാത്രമല്ല തഖ്‌വ, ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടും അഹ്മദിയ്യാ ഖിലാഫത്തിനോടും ബന്ധം വെക്കലും അനുസരിക്കലും മാത്രവുമല്ല തഖ്‌വ. തഖ്‌വ പൂർണ്ണമാകുന്നത് മാതാപിതാക്കളോടുള്ള കടമകളും ഭാര്യാമക്കളോടുള്ള കടമകളും നിറവേറ്റപ്പെടുമ്പോഴാണ്. ഭർത്താവിന്റെയും മക്കളുടെയും കടമകൾ നിറവേറ്റപ്പെടുമ്പോഴാണ്. കുടുംബബന്ധുക്കളോടുള്ള കടമകളും സുഹൃത്തുക്കളോടുള്ള കടമകളും നിറവേറ്റപ്പെടുമ്പോഴാണ്. അയൽവാസികളോടുള്ള കടമകളും സഹോദരീ സഹോദരന്മാരോടുള്ള കടമകളും നിറവേറ്റപ്പെടുമ്പോഴാണ്. ജമാഅത്തംഗങ്ങളോടുള്ള കടമകളും നിറവേറ്റപ്പെടുമ്പോഴാണ്. ഏതുവരെയെന്നാൽ ശത്രുക്കളോട് ചെയ്യേണ്ട കടപ്പാടുകളും നിറവേറ്റപ്പെടുമ്പോഴാണ്. അപ്പോഴായിരിക്കും തഖ്‌വ പൂർണ്ണമാകുക. ഈ അധ്യാപനങ്ങളെല്ലാം വിശുദ്ധ ഖുർആനിൽ അടങ്ങിയിരിക്കുന്നതാണ്.

നമ്മുടെ ആത്മീയ അഭിവൃദ്ധിക്കായാണ് ജൽസയിൽ പങ്കെടുക്കാൻ നാം വന്നിരിക്കുന്നത്. ഇതിൽ പങ്കെടുക്കുന്നവർ തങ്ങളുടെ ഇബാദത്തുകളും അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധിക്കുമ്പോൾ, നമസ്ക്കാരത്തിലേക്കും ദുആയിലേക്കും ഇബാദത്തുകളിലേക്കും ദൈവസ്മരണയിലേക്കും നിങ്ങൾ ശ്രദ്ധിക്കുമ്പോൾ, പരസ്പരമുള്ള സ്നേഹത്തിലേക്കും ബന്ധത്തിലേക്കും സഹാനുഭൂതിയിലേക്കും ശ്രദ്ധിച്ചുകൊണ്ട് ഓരാത്മപരിശോധന നടത്തുക. അതു ചെയ്യുന്നില്ലെങ്കിൽ ജനക്കൂട്ടമുള്ള ഒരു സ്ഥലത്ത് നിങ്ങൾ വന്നു എന്നേ ഉള്ളൂ. ഒരു ആൾക്കൂട്ടത്തിൽ നിങ്ങൾ വന്നു. നിങ്ങളുടെ ബന്ധുക്കളും നിങ്ങളുടെ പ്രകൃതത്തിന് യോജിച്ചവരുമായ ചിലരുള്ള സ്ഥലത്ത് നിങ്ങൾ വന്നു എന്നുമാത്രം. ചില സാഹിത്യസമ്പുഷ്ടവും വിജ്ഞാനപ്രതവുമായ പ്രസംഗങ്ങൾ കേട്ട് ആസ്വദിക്കാൻ പറ്റിയ ഒരു സ്ഥലത്ത് നിങ്ങൾ വന്നു എന്ന് മാത്രമായിരിക്കും. എന്നാൽ ഈ ജൽസയുടെ ലക്ഷ്യം കരസ്ഥമാക്കുന്നവരായി നിങ്ങൾ മാറില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) സൃഷ്ടികളോടുള്ള കടമകൾ, പ്രത്യേകിച്ച് തന്റെ സഹോദരനോടുള്ള കടമയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുകയുണ്ടായി.

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ചില പ്രത്യേക സാഹചര്യത്തിലും ചിലരുടെ പ്രവർത്തനഫലമായും ജൽസ മാറ്റുകയുണ്ടായിട്ടുണ്ട്. അപ്പോൾ ആ മഹാത്മാവ് ഇപ്രകാരം പറഞ്ഞു. ചിലർ ജമാഅത്തിൽ പ്രവേശിച്ചിട്ടും ഈ വിനീതന്ന് ബൈഅത്ത് ചെയ്തിട്ടും, പരിപൂർണ്ണമായ രീതിയിൽ തൗബ ചെയ്തിട്ടും ഇപ്പോഴും വക്രഹൃദയരാണ്. ഈ ജമാഅത്തിലെ പാവങ്ങളെ ചെന്നായ്ക്കളെപ്പോലെയാണ് അവർ നോക്കുന്നത്. അവർ അഹങ്കാരം കാരണം നേരെ നിന്ന് അവരോട് അസ്സലാമുഅലൈക്കും എന്ന് പറയുക പോലും ചെയ്യുന്നില്ല. എന്നിട്ടല്ലെ അവരോട് സൽസ്വഭാവത്തിലും സഹാനുഭൂതിയിലും പെരുമാറുന്ന കാര്യം പറയേണ്ടതുള്ളൂ. ഇക്കൂട്ടരെ വളരെ താണവരും സ്വാർത്ഥരുമായി ഞാൻ കാണുന്നു. നിസ്സാരമായ സ്വാർത്ഥതയുടെ പേരിൽ മറ്റുള്ളവരോട് തർക്കിക്കുകയും തമ്മിലടിക്കുകയും ചെയ്യുന്നു. വ്യർത്ഥമായ കാര്യങ്ങളുടെ പേരിൽ മറ്റുള്ളവരെ അക്രമിക്കുന്നു. ചിലപ്പോൾ അസഭ്യം പറയുക പോലും ചെയ്യുന്നു. ഹൃദയങ്ങളിൽ പക ജനിപ്പിക്കുന്നു.

പറയുന്നു. ഞാൻ ആശ്ചര്യപ്പെട്ടുപോകാറുണ്ട്. അല്ലാഹുവേ! എന്താണിത്? എന്നോടൊപ്പം ഏതു തരം ജമാഅത്താണുള്ളത്. ശരീരേച്ഛകളിൽ ഇവരുടെ ഹൃദയം വീണുപോകുന്നതെന്തുകൊണ്ടാണ്. ഒരു സഹോദരൻ മറ്റൊരു സഹോദരനെ എന്തുകൊണ്ട് വേദനിപ്പിക്കുകയും അവനെക്കാളും ഉയരണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.

ഞാൻ സത്യം സത്യമായും പറയുന്നു. തന്റെ സുഖത്തെക്കാളും തന്റെ സഹോദരന്റെ സുഖത്തിന് മുൻഗണന നൽകാത്തിടത്തോളം കാലം വരെ ഒരാളുടെയും വിശ്വാസം ശരിയാകുന്നതല്ല.

പറയുന്നു. അല്ലാഹു നമ്മുടെ ജമാഅത്തിൽ അലിവിന്റെയും കാരുണ്യത്തിന്റെയും സഹാനുഭൂതിയുടെയും ഐക്യത്തിന്റെയും ഗുണം ഉണ്ടാകാത്തിടത്തോളം ഈ ജൽസ സംഘടിപ്പിക്കുക എന്നത് ഉചിതമായിത്തോന്നുന്നില്ല.

നോക്കൂ! ജമാഅത്തംഗങ്ങളുടെ സ്നേഹവും അടുപ്പവും സഹാനുഭൂതിയും മറ്റുള്ളവർക്ക് വേണ്ടി ത്യാഗവികാരവും എന്നിവ ഇല്ലാത്തതു കാരണം ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്തുമാത്രം ദുഃഖവും വ്യസനവും പ്രയാസവുമാണ് പ്രകടിപ്പിച്ചത്. ശിക്ഷ എന്ന നിലക്ക് ജൽസയും മാറ്റിവെച്ചു. ചിലർ കരുതുന്നത് ജൽസ നടത്താനുള്ള സാമ്പത്തിക അവസ്ഥ ഇല്ലാത്തതുകൊണ്ടായിരുന്നു ജൽസ മാറ്റിവെച്ചതെന്നാണ്. യഥാർത്ഥത്തിൽ പരസ്പരമുള്ള സഹാനുഭൂതിയുടെ കുറവും ചിലരുടെ തന്റെ സഹോദരന്മാരോടുള്ള അഹങ്കാര പ്രകടനവുമായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ വളരെയധികം വേദനയിലാഴ്ത്തിയിരുന്നത്.

ഇവിടെ കുറച്ച് വർഷങ്ങൾക്ക് മുമ്പ് ജർമ്മനിയിൽ ഞാനൊരു അടിയന്തിര ശൂറ വിളിപ്പിച്ചിരുന്നതായി എനിക്കോർമ്മയുണ്ട്. അതിൽ ജൽസയുടെ കാര്യങ്ങൾ ചർച്ച ചെയ്തപ്പോൾ ഒരാൾ അവിടെ സംസാരിക്കുകയുണ്ടായി. അതിൽ നിന്നും എനിക്ക് മനസ്സിലായത് ഇദ്ദേഹം മനസ്സിലാക്കിയിട്ടുള്ളതും അതേപോലെ മറ്റുള്ളവരും മനസ്സിലാക്കിയിട്ടുണ്ടാകുക ജൽസ മാറ്റിവെച്ചിരുന്നത് സാമ്പത്തിക ഞെരുക്കം കാരണമാണെന്നാണ്. സാമ്പത്തികമായ ഞെരുക്കം എന്നത് മറ്റൊരു കാര്യമായിരുന്നു. യഥാർത്ഥത്തിൽ പരസ്പരം സഹാനുഭൂതി ഇല്ലാത്തതുകൊണ്ടാണ്, ഹദ്റത്ത് മസീഹ് മൗഊദ് (അ) നുണ്ടായിരുന്ന ദുഃഖമായിരുന്നു യഥാർത്ഥ കാരണം. അതുകൊണ്ട് പരസ്പരം സഹാനുഭൂതിയുടെ വികാരം ഇല്ലാതിരിക്കുക എന്നതും പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യാതിരിക്കുക എന്നതും നിസ്സാര കാര്യമല്ല എന്ന് മനസ്സിലാക്കണം. ഓരോ അഹ്മദിയും മറ്റുള്ളവരുടെ കടമകൾ നിറവേറ്റുന്നില്ലെങ്കിൽ അവരോട് സഹാനുഭൂതി പ്രകടിപ്പിക്കുന്നില്ലെങ്കിൽ അവർ എപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ഈ വാക്കുകൾ ഓർക്കുക; ഞാൻ ആശ്ചര്യപ്പെടുന്നു. അല്ലാഹുവെ എന്താണിത്. ഏതൊരു ജമാഅത്താണ് എന്റെ കൂടെയുള്ളത്.

അല്ലാഹുവിന്റെ കടമകൾ നിറവേറ്റുക എന്നതുമാത്രമല്ല എന്നും അതോടൊപ്പം സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റാനായി പരിശുദ്ധമായ പരിവർത്തനം പരത്തുക എന്നതും കൂടിയാണ് ഈ ജൽസയുടെ ഉദ്ദേശ്യമെന്ന് ഞാൻ പറയുകയുണ്ടായി. ഇത് അത്യാവശ്യമാണ്. ആ മഹാത്മാവ് വളരെ ദുഃഖത്തോടെ പറയുന്നു: നമസ്ക്കരിക്കുന്നുണ്ട്. എന്നാൽ എന്താണ് നമസ്ക്കാരം എന്നറിയില്ല. ഹൃദയം വിനയത്തിന്റെ സുജൂദ് ചെയ്യാത്തിടത്തോളം ബാഹ്യമായ സുജൂദിൽ പ്രതീക്ഷ വെക്കുക എന്നത് വ്യർത്ഥമായ കാര്യമാണ്.

അതുകൊണ്ട് തന്റെ നമസ്ക്കാരം കൊണ്ട് സന്തോഷിക്കേണ്ടതില്ല. ജമാഅത്തിന് വേണ്ടി ചെയ്യുന്ന സേവനങ്ങളെക്കൊണ്ടും സന്തോഷിക്കേണ്ടതില്ല. ഏതെങ്കിലും ഒരു സ്ഥാനം ലഭിച്ചു എന്ന കാര്യത്തിലും ആരും സന്തോഷിക്കേണ്ടതില്ല. സാമ്പത്തിക ത്യാഗം ചെയ്തതിലും സന്തോഷിക്കേണ്ടതില്ല. വിനയവും താഴ്മയും സഹോദരനോട് സഹാനുഭൂതിയും ഇല്ലാത്തതുവരെ

സന്തോഷിക്കാൻ അവകാശമില്ല. അല്ലാഹുവിനോടുള്ള കടമകൾക്കൊപ്പം സൃഷ്ടികളോടുള്ള കടമകളും ഒരാളിൽ അലയടിച്ചുയരുമ്പോൾ അവൻ യഥാർത്ഥ തഖ്‌വയിൽ ചരിക്കുന്നവനായി മാറുന്നതാണ്. യഥാർത്ഥ തഖ്‌വയിൽ ചരിക്കുന്നവൻ ഏതെങ്കിൽ ഒരു നന്മയിൽ മാത്രം സന്തോഷിക്കില്ല. അതിൽ അവൻ അഭിമാനം കൊള്ളില്ല. അല്ലാഹുവിനോടുള്ള ഭയം അവനിൽ വർദ്ധിച്ചുകൊണ്ടിരിക്കും. ഓരോ നന്മ ചെയ്തതിനുശേഷവും അവർ ചിന്തിക്കുന്നത് അല്ലാഹു ഇത് സ്വീകരിച്ചിട്ടുണ്ടോ എന്നായിരിക്കും. അതുകൊണ്ട് യഥാർത്ഥ നന്മകൾ തഖ്‌വ ഉണ്ടാക്കുന്നു എന്ന് മനസ്സിലാക്കുക. തഖ്‌വ മനുഷ്യരിൽ വിനയവും താഴ്മയും ജനിപ്പിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മിൽ ഇതുണ്ടാക്കാനായിട്ടാണ് ഇക്കാലത്ത് വന്നിട്ടുള്ളത്.

ബൈഅത്തിന്റെ നിബന്ധനകളാണ് ഒരു അഹ്മദിയെ യഥാർത്ഥ അഹ്മദിയാക്കുന്നത്. അതിന്റെ നാലാമത്തെ നിബന്ധനയിൽ പറഞ്ഞത് മനുഷ്യകുലത്തോട് പൊതുവിലും മുസ്‌ലീംകളോട് പ്രത്യേകിച്ചും നാവുകൊണ്ടോ, കൈകൊണ്ടോ, മറ്റേതെങ്കിലും വിധത്തിലോ തന്റെ ശരീരേച്ഛകൾക്കടിമപ്പെട്ടുകൊണ്ട് ഒരു രീതിയിലുമുള്ള ഉപദ്രവവും ഏൽപ്പിക്കില്ല എന്നാണ്. ഇതിൽ നിന്നു തന്നെ സഹാനുഭൂതി പ്രകടിപ്പിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാണ്.

അതുകൊണ്ട് ഒരു അഹ്മദി മുസ്‌ലിമിൽ നിന്നും അഹ്മദി മുസ്‌ലിം മാത്രമല്ല സുരക്ഷിതനായിരിക്കേണ്ടത് മുസ്‌ലീങ്ങളായ എല്ലാവരും എല്ലാവിധ അനാവശ്യ ഉപദ്രവങ്ങളിൽ നിന്നും സുരക്ഷിതനായിരിക്കേണ്ടതാണ്. മുസ്‌ലിംകൾ മാത്രമല്ല അല്ലാഹുവിന്റെ സൃഷ്ടികളത്രയും സുരക്ഷിതമായിരിക്കേണ്ടതാണ്.

ആർക്കും ഒരു ബുദ്ധിമുട്ടും നൽകാത്ത പലരുമുണ്ട്. അവർ അവരുടെ ജോലി ചെയ്തു കഴിയുന്നു. പ്രയാസങ്ങൾ നൽകുന്ന തെറ്റിൽ നിന്നും അവർ സുരക്ഷിതരായിരിക്കും. എന്നാൽ അവർ നന്മയുടെ ഉന്നതനിലവാരം കരസ്ഥമാക്കി എന്ന് കരുതരുത്. വിശ്വാസിയുടെ ഓരോ ചുവടും മുന്നോട്ടായിരിക്കും. മുന്നോട്ട് കുതിക്കേണ്ടതാണ്. അല്ലെങ്കിൽ തഖ്‌വയിലും വിശ്വാസത്തിലും ഉന്നതി കൈവരില്ല. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ബൈഅത്തിന്റെ ഒമ്പതാമത്തെ നിബന്ധനയിൽ പറഞ്ഞത്: അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും ആത്മാർത്ഥമായ സഹാനുഭൂതി പ്രകടിപ്പിക്കുന്നതും അല്ലാഹു നൽകിയിരിക്കുന്ന കഴിവുകളും അനുഗ്രഹങ്ങളും മുഖേന മാനവരാശിക്ക് ഗുണം ചെയ്യുന്നതുമാണ്.

അല്ലാഹുവിന്റെ പ്രീതി ലക്ഷ്യം വെക്കുമ്പോഴാണ് യഥാർത്ഥ നന്മയായിത്തീരുന്നത്. തന്റെ സർവ്വവിധ കഴിവുകളും ശക്തികളും മാനവരാശിയോട് സഹാനുഭൂതി പ്രകടിപ്പിക്കാനായി ഒരു വ്യക്തി വിനിയോഗിക്കുമ്പോഴാണ് അത് യഥാർത്ഥ നന്മയായിത്തീരുന്നത്. അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത് മനുഷ്യനാണ്. ഉത്തമസൃഷ്ടിയാണത്. യഥാർത്ഥ മനുഷ്യനായിത്തീരുന്നത് സൃഷ്ടികളുടെ കടമകൾ നിറവേറ്റുകയും മറ്റുള്ളവർക്ക് ഗുണമെത്തിക്കുകയും ചെയ്യുന്നതിൽ ശ്രദ്ധിക്കുമ്പോഴാണ്. ഞാൻ മുമ്പും പലവുരു വിവരിച്ച ഒരു കാര്യമുണ്ട്. നാം മനുഷ്യാവകാശത്തെക്കുറിച്ച് മറ്റുള്ളവരോട് സംസാരിക്കുമ്പോൾ ഇസ്‌ലാമിന്റെ മേന്മയായിട്ട് പറയാറുള്ളത് ഭൗതിക നിയമങ്ങൾ ചില അവകാശങ്ങൾ നിജപ്പെടുത്തുകയും ഈ അവകാശങ്ങൾ നൽകിയില്ലെങ്കിൽ ഞങ്ങൾ പോരാടുമെന്നുമാണ്. എന്നാൽ ഇസ്‌ലാം പറയുന്നത് നിങ്ങൾ അല്ലാഹുവിന്റെ പ്രീതി ആഗ്രഹിക്കുന്നുണ്ടെങ്കിൽ പരസ്പരമുള്ള അവകാശങ്ങൾ നൽകുക എന്നതാണ്. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനോട് ചെയ്യേണ്ട കടമകൾ എന്തെല്ലാമാണെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുണ്ട്. ഭൗതിക സംവിധാനവും ദൈവിക സംവിധാനവും തമ്മിലുള്ള അന്തരം ഇതാണ്. ഭൗതിക സംവിധാനം അവകാശങ്ങൾ നേടിയെടുക്കുന്ന കാര്യമാണ് പറയുക. ഇതിന്നായി അനുവദനീയമല്ലാത്ത മാർഗങ്ങൾ വരെ അവലംബിക്കുന്നു. എന്നാൽ വിശ്വാസികളോട് അല്ലാഹു പറയുന്നത് നിങ്ങൾ യഥാർത്ഥ വിശ്വാസികളാണെങ്കിൽ, എന്റെ പ്രീതി ആഗ്രഹിക്കുന്നവരാണെങ്കിൽ അവകാശങ്ങൾ നൽകുക. അവകാശങ്ങൾ ചോദിച്ചാൽ കൊടുത്താൽ പോരാ. നിറവേറ്റേണ്ട കടമകൾ ഏതാണെന്ന് മനസ്സിലാക്കി അത് നൽകുക. നീതിയുടെ അടിസ്ഥാനത്തിൽ ഈ കടമകൾ നിറവേറ്റുക. മാനവരാശിയോടുള്ള സഹതാപത്തോടുകൂടി ഈ കടമകൾ നൽകുക.

ഈ ഒരു വികാരം ഓരോ അഹ്മദിയിലും ഉണ്ടായിക്കഴിഞ്ഞാൽ, ഇതിനെ മുമ്പിൽ വെച്ചുകൊണ്ട് അവകാശങ്ങൾ നൽകുകയാണെങ്കിൽ ജമാഅത്തിൽ പ്രശ്നങ്ങളും കുഴപ്പങ്ങളും ഉണ്ടാകുക തന്നെയില്ല. നിസാമിന്റെ മുമ്പിലും ഇങ്ങനെയുള്ള പ്രശ്നങ്ങൾ വരില്ല. കാലത്തിന്റെ ഖലീഫക്ക് ഇങ്ങനെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എത്രയോ സമയം ചെലവഴിക്കേണ്ടി വരില്ല. അതുമല്ലെങ്കിൽ മാസം തോറും ഈ വിഷയവുമായി വരുന്ന നൂറോളം കത്തുകൾ വായിക്കുന്നതിനും മറുപടി നൽകുന്നതിനും ബന്ധപ്പെട്ട വിഭാഗത്തിന് വിടുന്നതിനുമായി ചിലവഴിക്കുന്ന സമയങ്ങൾ ജമാഅത്തിന് ഗുണപ്രദമായ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ കഴിയുന്നതാണ്. കാലത്തിന്റെ ഖലീഫയുടെ അടുത്ത് ഇങ്ങനെയുള്ള പ്രശ്നങ്ങൾ വരുമ്പോൾ അവ എന്തുതന്നെയായാലും അദ്ദേഹം അത് നോക്കും. സംവിധാനത്തെ മെച്ചപ്പെടുത്താനും സംസ്ക്കരണത്തിനായും സഹാനുഭൂതിയുടെ വികാരം കാരണമായും നോക്കേണ്ടതുതന്നെയാണ്. ഏതെങ്കിലും അഹ്മദി സ്വാർത്ഥതക്കു പിന്നാലെ കൂടി തന്റെ അവകാശത്തിന്റെ പേരും പറഞ്ഞ് മറ്റുള്ളവരുടെ അവകാശം തട്ടിയെടുത്ത് പരീക്ഷണത്തിൽ അകപ്പെടുമോ എന്ന് നോക്കണം. അങ്ങനെ അവൻ അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുമോ എന്ന് നോക്കണം. അതുമല്ലെങ്കിൽ മർദ്ദിതർ അക്രമിക്കപ്പെടുന്നുണ്ടോ എന്നും നോക്കേണ്ടതുണ്ട്.

ചിലപ്പോൾ ജമാഅത്തിന്റെയും കാലത്തിന്റെ ഖലീഫയുടെയും തീരുമാനങ്ങളെ വ്യക്തികൾ സ്വീകരിക്കാത്ത അവസ്ഥയും വന്നുചേരുന്നു. മശ്‌വറകളെ അംഗീകരിക്കുന്നില്ല. അവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിൽ തൃപ്തരാകുന്നില്ല. പിടിവാശിയായിരിക്കാം.അവർക്ക് കർശനമായി മറുപടി നൽകേണ്ടി വരുന്നു. അങ്ങനെയുള്ളവർക്ക് ചിലപ്പോൾ എനിക്ക് ഇപ്രകാരം മറുപടി നൽകേണ്ടി വരാറുണ്ട്. നിങ്ങൾക്ക് ഈ കാര്യങ്ങൾ അംഗീകരിക്കാൻ കഴിയില്ലെങ്കിൽ ഇനി മുതൽ ജമാഅത്ത് നിങ്ങളുടെ ഒരു കാര്യവും പരിഗണിക്കുന്നതല്ല. ചിലപ്പോൾ അവരോട് കഠിനതരമായി പെരുമാറി ശിക്ഷയും നൽകേണ്ടിവരുന്നു. സഹാനുഭൂതി എന്ന വികാരം അങ്ങനെയുള്ള ആളുകൾക്കായും പ്രാർത്ഥിക്കാൻ നിർബന്ധിക്കുന്നു. അല്ലാഹു ഇവർക്ക് ഹിദായത്ത് നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇവർ ഭൗതികതയുടെ പേരിൽ ദീനിനെ പുറംതള്ളി തങ്ങളുടെ പരലോകം നശിപ്പിക്കാതിരിക്കട്ടെ.

അനാവശ്യമായി സഹോദരങ്ങളെ ബുദ്ധിമുട്ടിപ്പിക്കുകയില്ല എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതിന്റെ പൊരുൾ ഇതാണ്. ചിലപ്പോൾ ചില പ്രശ്നങ്ങളിൽ മറ്റുള്ളവർക്ക് വിഷമം നേരിടുന്നു. അത് ശരിയുമാണ്. ആർക്കും തന്നെ അറിഞ്ഞുകൊണ്ട് ഒരു വിധ പ്രയാസവും ബുദ്ധിമുട്ടും നൽകരുത് എന്നാണ് ഇതിന്റെ മറ്റൊരുവശം. അറിഞ്ഞുകൊണ്ട് ആർക്കും ഒരു ബുദ്ധിമുട്ടും ഏൽപ്പിക്കാതിരിക്കുക എന്നതാണ് ഒരു മുസ്‌ലിമിന്റെ അന്തസ്സ്. അങ്ങനെ ഒരിക്കലും ചെയ്യരുത്. ചിലപ്പോൾ മറ്റുള്ളവർക്ക് വിഷമം ഉണ്ടാകുന്ന തരത്തിലുള്ള നടപടികൾ ജമാഅത്ത് സംവിധാനത്തിനും കാലത്തിന്റെ ഖലീഫക്കും എടുക്കേണ്ടിവരാറുണ്ട്.

എന്നാൽ ഈ പ്രയാസം ഇസ്‌ലാഹ് വരുത്താനായാണ് ചെയ്യുന്നത്. ഇത് അനുവദനീയമല്ലാത്തതല്ല. എന്നിരുന്നാലും സഹാനുഭൂതിയുടെ അടിസ്ഥാനത്തിൽ ആരാണോ പ്രയാസത്തിൽ അകപ്പെട്ടിരിക്കുന്നത് അവർക്ക് വേണ്ടി നിർബന്ധമായും പ്രാർത്ഥിക്കേണ്ടതാണ്. കാലത്തിന്റെ ഖലീഫക്കാണ് ഇങ്ങനെയുള്ള അവസ്ഥയിൽ ഏറ്റവും കൂടുതലായി കടന്നുപോകേണ്ടിവരുന്നത്. ഞാൻ മുഖേന ആർക്കെങ്കിലും വല്ല പ്രയാസവും ഏൽക്കേണ്ടി വരുന്നുണ്ടോ എന്ന് അദ്ദേഹത്തിന് നോക്കേണ്ടിവരുന്നു. അല്ലാഹു എനിക്ക് നൽകിയിരിക്കുന്ന കഴിവനുസരിച്ച് ഞാൻ വല്ലവരോടും അനീതി കാണിക്കുന്നുണ്ടോ എന്നും അദ്ദേഹത്തിന് വീക്ഷിക്കേണ്ടിവരുന്നു. എന്റെ ഏതെങ്കിലും പ്രവർത്തി കൊണ്ട് ഏതെങ്കിലും വീട്ടിൽ അന്യായമായി രക്തം ചിന്തുന്നുണ്ടോ എന്നും അദ്ദേഹം പരിശോധിക്കുന്നു. മാത്രമല്ല ആ വ്യക്തിയോട് സഹതാപം പ്രകടിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കേണ്ടതായും വരുന്നു. ആ വ്യക്തിയെ ശരിയാക്കുന്നതിനും സംസ്ക്കരിക്കുന്നതിനുമുള്ള വഴികളും ആരായുന്നു.

ഈ നീതിയുടെയും സഹാനുഭൂതിയുടേയും തേട്ടമാണ് കാലത്തിന്റെ ഖലീഫക്ക് പൂർത്തിയാക്കേണ്ടതായിട്ടുള്ളത്. ബാഹ്യമായ കാര്യങ്ങൾ മുമ്പിൽ വെച്ചുകൊണ്ട് കാലത്തിന്റെ ഖലീഫ ഇതെല്ലാം നിറവേറ്റാൻ ശ്രമിക്കണം.

ഇതേപോലെ കാലത്തിന്റെ ഖലീഫയിൽ നിന്നും നിയമിക്കപ്പെടുന്ന ഭാരവാഹികളുണ്ട്. അവർ ഇത്തരത്തിൽ നീതിയോടും സഹാനുഭൂതിയോടും പ്രവർത്തിക്കേണ്ടതാണ്. ഇങ്ങനെ ചെയ്യാത്തവർ, അറിഞ്ഞുകൊണ്ട് തന്റെ കടമകൾ നിറവേറ്റുന്നില്ലെങ്കിൽ അവർ വിശ്വാസവഞ്ചന ചെയ്യുന്നവരാണ്. തീർച്ചയായും അവർ അല്ലാഹുവിന്റെ മുമ്പിൽ ചോദിക്കപ്പെടുന്നതാണ്.

അതുകൊണ്ട് ഭാരവാഹികൾ ഇത് ഭയപ്പെടേണ്ട അവസരമാണ്. ജമാഅത്തിന്റെ ഭാരവാഹിത്വം ഭൗതികനേട്ടത്തിനുള്ളതല്ല. നാം ഒരു സ്ഥാനത്ത് വന്ന് മുമ്പത്തെക്കാളുപരി ജമാഅത്തംഗങ്ങളെ സേവിക്കുന്നവരായി മാറണം എന്ന വികാരത്തോടുകൂടിയാണ് പ്രവർത്തിക്കേണ്ടത്. അവരോട് സഹാനുഭൂതി പ്രകടിപ്പിക്കുകയും അവരുടെ നന്മക്കായി പ്രവർത്തിക്കുകയും അവരെ നമ്മോടൊപ്പം മുമ്പോട്ട് കൊണ്ടുപോകുകയും വേണം എന്ന വികാരത്തോടെ സേവനം ചെയ്യുക. എന്നാൽ മാത്രമേ ജമാഅത്തിൽ ശക്തമായ കെട്ടുറപ്പ് നിലനിൽക്കുകയുള്ളൂ. എന്നാൽ മാത്രമേ ജമാഅത്തിന്റെ പുരോഗതി  മുന്നോട്ട് കുതിക്കുകയുള്ളൂ.

അതുകൊണ്ട് ഈ സഹാനുഭൂതിയുടെ വികാരം എല്ലാ ഭാരവാഹികളിലും ഉണ്ടാകേണ്ടതാണ്. ജമാഅത്തിന്റെ ഓരോ ജോലിക്കാരനിലും ഇതുണ്ടാകേണ്ടതാണ്. ഭാരവാഹികൾ തങ്ങളുടെ മാതൃകകൾ നിലനാട്ടുമ്പോഴാണ് ഇവർ തങ്ങളുടെ  കടമകൾ നിറവേറ്റുന്നവരായി മാറുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. സമൂഹത്തിന്റെ സേവകരാകുക എന്നത് സേവിക്കപ്പെടുന്നവരായി മാറാനുള്ള അടയാളമാണ്. സമൂഹത്തിന്റെ സേവകരായിക്കഴിഞ്ഞാൽ അല്ലാഹുവിൽ നിന്ന് നേതൃത്വം ലഭിക്കുന്നതാണ്. ഇത് അല്ലാഹുവിൽ നിന്നാണ് ലഭിക്കേണ്ടത്. തിരുനബി(സ) പറയുന്നു **സയ്യിദുൽ ഖൗമി ഖാദിമുഹും** സമൂഹത്തിന്റെ നേതാവ് സമൂഹത്തിന്റെ സേവകനായിരിക്കും. ആകേണ്ടതുതന്നെയാണ്. ഹദീസുകൾ കേട്ടതുകൊണ്ടും കേൾപ്പിച്ചതുകൊണ്ടുമുള്ള പ്രയോജനം അതനുസരിച്ച് പ്രവർത്തിക്കുകകൂടി ചെയ്യുമ്പോഴാണ് ഉണ്ടാകുക.  ഭാരവാഹികൾക്ക് തങ്ങളുടെ പ്രവർത്തനശൈലി എന്തുതന്നെയായാലും ഉന്നതമാക്കേണ്ടിയിരിക്കുന്നു. ജനങ്ങൾ നിങ്ങൾക്കെതിരിൽ സംസാരിക്കും. നിങ്ങളെ പ്രയാസപ്പെടുത്തും. എന്നിരുന്നാലും ഭാരവാഹിയുടെ ജോലി സധൈര്യം പ്രവർത്തിക്കുക എന്നതാണ്. നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് പോലും സഹാനുഭൂതി പ്രകടിപ്പിക്കാതിരിക്കരുത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. കോപത്തെ ചവച്ചരക്കുകയും കയ്പ്പേറിയ വാക്കുകളെ കടിച്ചിറക്കുകയും ചെയ്യുക എന്നത് അത്യുന്നതമായ ധീരതയാകുന്നു. ഇത് തിരുനബി (സ) പറഞ്ഞ ഹദീസിന്റെ വിശദീകരണം കൂടിയാണ്. പറയുന്നു. മറ്റുള്ളവരെ മലർത്തിയടിക്കുന്നവനല്ല യഥാർത്ഥ യോദ്ധാവ്, കോപം വരുമ്പോൾ അത് നിയന്ത്രിക്കുന്നവനാണ് യഥാർത്ഥ യോദ്ധാവ്. കോപം നിയന്ത്രിക്കാൻ കഴിഞ്ഞാൽ മാത്രമേ നീതി നടപ്പിൽ വരുത്താനും സാധിക്കുകയുള്ളൂ. സഹാനുഭൂതിയോടുകൂടിയുള്ള തീരുമാനം കൽപ്പിക്കാനും അപ്പോൾ മാത്രമേ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ ഒരു മൂല്യങ്ങളാണ് നമ്മുടെ ഭാരവാഹികൾ നിലനിർത്തേണ്ടത്. ഞാൻ പറയുന്ന കാര്യങ്ങൾ ജർമ്മനിയിലുള്ള ഭാരവാഹികൾക്ക് വേണ്ടി മാത്രമല്ല. ഞാൻ സംബോധന ചെയ്യുന്നത് ലോകത്തെവിടെയുമുള്ള ഭാരവാഹികളെയാണ്. ഇംഗ്ലണ്ടിലെയും പാക്കിസ്ഥാനിലെയും ഇന്ത്യയിലെയും അമേരിക്കയിലെയും കനഡയിലെയും ആസ്ട്രേലിയായിലെയും ഇന്തോനേഷ്യയിലെയും ആഫ്രിക്കയിലെയും ഭാരവാഹികൾ ഇതിൽ ഉൾപ്പെടുന്നു. ഞാൻ ഇത് വിശദീകരിക്കാനുള്ള കാരണം ഖുത്വുബ നൽകുന്ന സ്ഥലത്തുള്ളവരുടെ അവസ്ഥ അങ്ങിനെ ആയതുകൊണ്ടാണ് ഈ രീതിയിൽ പറയുന്നതെന്നാണ് ചിലർ ധരിക്കുന്നത്. പൊതുവിലുള്ള ഖുത്വുബയിൽ ജമാഅത്തിലെ ഓരോ വ്യക്തിയും സംബോധിതനാണ്. ഇതുപോലെ ഏതെങ്കിലും പ്രത്യേക ആളുകളെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ളവർ ലോകത്തെവിടെയുണ്ടെങ്കിലും അവരെല്ലാം സംബോധിതരാണ്. ഇപ്പോൾ എം.ടി.എ മുഖേന കാലത്തിന്റെ ഖലീഫക്ക് തന്റെ കാര്യങ്ങൾ എത്തിക്കാനുള്ള വളരെ എളുപ്പമായി ഒരു വഴി തുറന്ന് തന്നിരിക്കുകയാണ്.  ഇങ്ങനെയുള്ള സൗകര്യം അല്ലാഹു നൽകിയിരിക്കുകയാണ്. അതിനാൽ വിവിധ സ്ഥലങ്ങളിൽ പോയി വിവിധ കാര്യങ്ങൾ സംസാരിക്കുമ്പോൾ സംബോധിതർ ലോകത്തുള്ള മുഴുവൻ ജമാഅത്തുകളുമായിരിക്കും എന്ന് മനസ്സിലാക്കേണ്ടതാണ്. എന്നാൽ ഞാൻ ഏതൊരു നാട്ടിൽ നിന്നാണോ സംസാരിക്കുന്നത്, അത് ജർമ്മനിയിലാണെങ്കിൽ അവരുടെ സൗഭാഗ്യമായി നാം ഇതിനെ കരുതേണ്ടതാണ്. അതല്ലെങ്കിൽ എന്റെ വാക്കുകൾ നേരിട്ട് കേൾക്കുന്ന എന്റെ മുമ്പിലിരിക്കുന്നവരുടെ സൗഭാഗ്യമായി ഇതിനെ കരുതുക. അവർ ഇതിനെ പ്രഥമമായി പ്രാവർത്തികമാക്കുക. ഓർക്കുക. ഞാൻ കേൾപ്പിച്ച ബൈഅത്തിന്റെ ശർത്തുകൾ ഏതെങ്കിലും ഒരു വിഭാഗം ആളുകൾക്കുള്ളതല്ല. അതുമല്ലെങ്കിൽ പ്രത്യേകം ആളുകൾക്കുള്ളതല്ല. ഓരോ അഹ്മദിയും ഇതിന്റെ സംബോധിതരാണ്. തന്നെ ജമാഅത്തിന്റെ നിസാമുമായി ബന്ധപ്പെടുത്തുന്ന ഓരോ വ്യക്തിയും സംബോധിതനാണ്. ഞാൻ വിശദീകരണാർത്ഥമാണ് ഭാരവാഹികളെക്കുറിച്ച് പറഞ്ഞത്. കാരണം അവർക്ക് ജമാഅത്തിന്റെ മുമ്പിൽ മാതൃകകളായിത്തീരേണ്ടതാണ്. അതുകൊണ്ട് മറ്റുള്ളവരെക്കാളും കൂടുതലായി തങ്ങളുടെ അവസ്ഥ അവർ പരിശോധിക്കേണ്ടിയിരിക്കുന്നു.

ഇത് പരിമിതമായ കൽപ്പനയൊന്നുമല്ല. ജമാഅത്തംഗങ്ങൾക്കും മറ്റുള്ളവർക്കുമെല്ലാം ഇത് നിർബന്ധമാണ്. എപ്പോഴും ബൈഅത്തിന്റെ നിബന്ധനകളെക്കുറിച്ച് ചിന്തിച്ചുകൊണ്ട് ഇതിനനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുക. ഏതൊരു നിലവാരമാണ് നാം കരസ്ഥമാക്കേണ്ടത് എന്നതിനെക്കുറിച്ച് ഞാൻ വിശദീകരിക്കാം. ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ നാലാമത്തെ നിബന്ധനയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നത് ഒരു അഹ്മദി ഒരിക്കലും തന്റെ കൈകൊണ്ടോ നാവുകൊണ്ടോ മറ്റൊരാൾക്കും ഒരുവിധത്തിലുമുള്ള ഉപദ്രവവും ഏൽപ്പിക്കരുത് എന്നാണ്. ഈ

സ്ഥാനം ഒരാൾക്ക് കരസ്ഥമാകണമെങ്കിൽ അവൻ തഖ്‌വയിൽ ചരിക്കുന്നവനായി മാറണം. ഹൃദയം അല്ലാഹുവിന്റെ ഭയത്താൽ നിറഞ്ഞിരിക്കണം. ഒരു ഹദീസിൽ വരുന്നു. തിരുനബി (സ) അരുളിയതായി ഹദ്റത്ത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു. പരസ്പരം അസൂയപ്പെടരുത്. പരസ്പരം തർക്കിക്കരുത്. പരസ്പരം വിദ്വേഷം വെക്കുകയുമരുത്. പരസ്പരം ശത്രുതയും പാടില്ല. നിങ്ങളിൽ ആരും മറ്റൊരാൾ ചെയ്ത കച്ചവടത്തിന്ന് മീതെ കച്ചവടം നടത്തരുത്. അല്ലാഹുവിന്റെ ദാസരേ! പരസ്പരം സഹോദരങ്ങളായി മാറുക. മുസ്‌ലിം ഒരു മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ തന്റെ സഹോദരനോട് അക്രമം പ്രവർത്തിക്കില്ല. അവനെ നിന്ദിക്കുകയില്ല. അവനെ നിസ്സാരനായിക്കരുതുകയുമില്ല. തുടർന്ന് തിരുനബി(സ) തന്റെ ഹൃദയത്തിലേക്ക് മൂന്ന് പ്രാവശ്യം ചൂണ്ടിക്കൊണ്ട് പറഞ്ഞു. തഖ്‌വ ഇവിടെയാണ്, തഖ്‌വ ഇവിടെയാണ്, തഖ്‌വ ഇവിടെയാണ്. തന്റെ മുസ്‌ലിം സഹോദരനെ നിസ്സാരനായി കരുതുക എന്നതുതന്നെ മതി ഒരാളുടെ ഉപദ്രവത്തിന് കാരണമാകാൻ. ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിന്റെ രക്തവും, ധനവും, അഭിമാനവും അപഹരിക്കൽ നിശിദ്ധമാണ്.

ഇന്ന് നിങ്ങൾ ലോകത്തൊന്ന് കണ്ണോടിച്ചുനോക്കുക. ഇന്ന് കാണുന്ന അക്രമങ്ങളും അവകാശധ്വംസനങ്ങളും മുസ്‌ലിംകൾ മുസ്‌ലിംകളെ തന്നെ കൊന്നൊടുക്കുന്നതും അക്രമവും അനീതിയും നാനാഭാഗത്തും തീഷ്ണമായിക്കൊണ്ടിരിക്കുന്നതും നാം കാണുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനകാരണം അസൂയയും തഖ്‌വയുടെ കുറവുമാണ്. ഇക്കാലത്തെ ഇമാമിനെ അംഗീകരിച്ചു എന്നത് നമ്മുടെ സൗഭാഗ്യമാണ്. ഈ രീതിയിലുള്ള ഭീകരപ്രവർത്തനങ്ങളിൽ നിന്നും നാം സുരക്ഷിതരായിരിക്കുന്നു. എന്നിരുന്നാലും ചെറിയ രീതിയിലെങ്കിലും നമ്മുടെ വീടുകളിലും നമ്മുടെ ചുറ്റുപാടിലും ഹദീസിൽ പറയപ്പെട്ട രോഗങ്ങൾ നിലനിൽക്കുന്നു. നമ്മിൽ ഓരോരുത്തരും യാഥാർത്ഥ്യങ്ങൾ മുമ്പിൽ വെച്ചുകൊണ്ട് നീതിബോധത്തോടെ ആത്മപരിശോധന നടത്തുകയാണെങ്കിൽ ഞാൻ പറയുന്നത് തെറ്റല്ല എന്ന് മനസ്സിലാകുന്നതാണ്. സഹോദരന്മാർക്കിടയിൽ അസൂയയുടെ കാരണത്താൽ പരസ്പരം വിദ്വേഷം നിലനിൽക്കുന്നു. ജമാഅത്തംഗങ്ങൾക്കിടയിൽ അസൂയ കാരണത്താൽ വിദ്വേഷം നിലനിൽക്കുന്നു. സ്ത്രീകൾക്കിടയിൽ അസൂയയുടെ പേരിൽ വിദ്വേഷം നിലനിൽക്കുന്നു. എന്തുകൊണ്ട് ഈ സേവനം ഈ വ്യക്തിക്ക് ഏൽപ്പിച്ചു എന്ന കാര്യത്തിൽ വെറുപ്പുണ്ടാകുന്നു. എന്നെ എന്തുകൊണ്ട് ഏൽപ്പിച്ചില്ല എന്ന് പറയുന്നു.

അഹ്മദിയ്യാ ജമാഅത്ത് ഒരു ദൈവിക ജമാഅത്താണെന്ന് നമ്മിൽ ഓരോരുത്തർക്കും ഉറച്ച വിശ്വാസമുണ്ടെങ്കിൽ, തീർച്ചയായും ഇത് ദൈവിക പ്രസ്ഥാനമാണ്, സ്ഥാനമാനത്തെ ആഗ്രഹിക്കാതെ ഇസ്തിഗ്ഫാറിലേക്ക് കൂടുതൽ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. എന്നെ ഈ സേവനം ഏതെങ്കിലും സമയത്ത് ഏൽപ്പിച്ചാൽ ഏറ്റവും നല്ല രീതിയിൽ എനിക്ക് ചെയ്യാൻ കഴിയേണമേ എന്ന് പ്രാർത്ഥിക്കുക. സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നവരെക്കുറിച്ച് തിരുനബി (സ) പറഞ്ഞത് അങ്ങനെയുള്ളവർക്ക് സ്ഥാനങ്ങൾ നൽകരുതെന്നാണ്.

അല്ലാഹുതആല പറയുന്നു. അമാനത്തുകളെ സൂക്ഷിക്കുക. ഇതിനെക്കുറിച്ച് നിങ്ങൾ ചോദിക്കപ്പെടുന്നതാണ്. ഭാരവാഹിത്വവും ജമാഅത്തിന് നൽകുന്ന സേവനങ്ങളും അമാനത്തുകളാണ്. തഖ്‌വ മനസ്സിലുണ്ടെങ്കിൽ എന്നെ ഏൽപ്പിച്ച സേവനം അതിന്റെ കടമകൾ നിറവേറ്റാത്തതുകാരണം ഞാൻ ചോദിക്കപ്പെടുമെന്ന് എപ്പോഴും ചിന്തയുണ്ടായിരിക്കേണ്ടതാണ്. എനിക്ക് ഏതെങ്കിലും മനുഷ്യന്റെ മുമ്പാകെയല്ല മറുപടി പറയേണ്ടി വരിക. അങ്ങനെയാണെങ്കിൽ വല്ലതും പറഞ്ഞ് അവനിൽ നിന്നും രക്ഷപ്പെടാമായിരുന്നു. മറിച്ച് എല്ലാമറിയുന്ന, പ്രത്യക്ഷവും പരോക്ഷവും അറിയുന്ന, ഒന്നും മറഞ്ഞിരിക്കാത്ത അല്ലാഹുവിന്റെ മുമ്പിലാണ് മറുപടി പറയേണ്ടിവരിക. അവനെ ഒരിക്കലും വഞ്ചിക്കാൻ സാധ്യമല്ല.

അതുകൊണ്ട് എല്ലാ ഭാരവാഹികളും സ്ഥാനത്തെ ആഗ്രഹിക്കുന്നവരും ഇക്കാര്യങ്ങൾ മുമ്പിൽ വെക്കുന്നകയാണെങ്കിൽ ദേഹേച്ഛകളിൽ നിന്നും വിട്ട് നിന്ന് തഖ്‌വയിലേക്ക് മുന്നേറുന്നതായിരിക്കും. ചെറിയ ചെറിയ കാര്യത്തിന്റെ പേരിൽ വിദ്വേഷം വർദ്ധിപ്പിക്കുക എന്നതും തഖ്‌വയുടെ കുറവാണ്. പിന്നീടുണ്ടാകുന്നത് മറ്റവനെ എങ്ങനെ കഷ്ടപ്പെടുത്താം എന്ന് ചിന്തിച്ച് അതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയായിരിക്കും. ജമാഅത്ത് സംവിധാനത്തിന്റെ മുമ്പിലും കാലത്തിന്റെ ഖലീഫയുടെ മുമ്പിലും എങ്ങനെ അവനെ അപകീർത്തിപ്പെടുത്താം എന്നതായിരിക്കും ചിന്ത. അവനെ അവഹേളിക്കുകയോ അവന്റെ ബലഹീനത അവരുടെ മുമ്പിൽ കൊണ്ടുവരുന്നതിനെക്കുറിച്ചോ ചിന്തിച്ചുകൊണ്ടിരിക്കും. ഏതുവരെയെന്നാൽ സദസ്സുകളിൽ അവരുടെ ഭാര്യാമക്കളെ നിന്ദിക്കാൻ ശ്രമിക്കുന്നു. ചിലപ്പോൾ കുടുംബം ഒന്നടങ്കം ഇതിൽ ഉൾപ്പെടുന്നു.

ആർക്കും ഒരുവിധത്തിലുമുള്ള ഉപദ്രവം ഏൽപ്പിക്കില്ല എന്നും എല്ലാവരോടും സഹാനുഭൂതി പ്രകടിപ്പിക്കുമെന്നുമുള്ള നിബന്ധനയോടുകൂടിയാണ് ബൈഅത്ത് ചെയ്യുന്നതെങ്കിലും പ്രവർത്തനം ഇതിനു വിരുദ്ധമാണ്. അതുകൊണ്ട് ഈ സ്ഥാനം കരസ്ഥമാക്കുന്നതിന്നായി നമുക്ക് ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. ഈ ദിനങ്ങളിൽ ഒരാത്മപരിശോധന നടത്തുക. നിങ്ങളുടെ ഇസ്‌ലാഹിന് വേണ്ടിയാണ് ഈ ദിനങ്ങൾ നിങ്ങൾക്ക് അല്ലാഹു നൽകിയിരിക്കുന്നത്. ഈ കാര്യങ്ങളെല്ലാം എന്തോ ഊഹത്തിന്റെ അടിസ്ഥാനത്തിലല്ല ഞാൻ പറയുന്നത്. പ്രയാസമുണ്ടാക്കുന്ന ഇങ്ങനെയുള്ള പ്രശ്നങ്ങൾ ശരിക്കും എന്റെ മുമ്പിൽ വരുന്നുണ്ട്. വളരെയധികം നാണിക്കേണ്ടതായിവരുന്നു. ഞാൻ ലോകത്തോട് പറയാറുള്ളത് അവകാശങ്ങൾ നൽകാനുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കുന്ന പ്രസ്ഥാനമാണ് അഹ്മദിയ്യാ ജമാഅത്ത് എന്നാണ്. തഖ്‌വയുടെ നേർത്ത മാർഗങ്ങളിലൂടെ ചരിക്കുവാനായി വഴികാട്ടാൻ അല്ലാഹുവിൽ നിന്നും വന്നിരിക്കുന്ന മസീഹിനെ വിശ്വസിച്ചിരിക്കുന്നവരാണിവർ എന്നാണ്. എന്നാൽ നമ്മുടെ ചിലരുടെ അവസ്ഥ എന്താണ്. അവരെനോക്കി മറ്റുള്ളവർ എന്ത് പറയും? നിങ്ങളുടെ വാദം വലിയതാണെങ്കിലും നിങ്ങളുടെ ആളുകളുടെ പ്രവർത്തി എന്താണ്.

അതുകൊണ്ട് ലോകത്ത് വിപ്ലവത്തിന് കാരണക്കാരായി നാം മാറണമെങ്കിൽ നമ്മുടെ ജീവിതത്തിലും നമ്മുടെ അവസ്ഥയിലും വിപ്ലവകരമായ മാറ്റം നമുക്ക് ഉണ്ടാക്കേണ്ടിയിരിക്കുന്നു. ആ വിപ്ലവകരമായ മാറ്റം ഉണ്ടാക്കണമെന്നാണ് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ കാലത്തിന്റെ ഇമാം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്.

ഈ ഹദീസിലെ മറ്റു കാര്യങ്ങൾ വിട്ടുകൊണ്ട് ഞാൻ തിരുനബിയുടെ ഒരു ഉപദേശം എടുക്കുകയാണ്. പറയുന്നു. ഒരാൾ ചെയ്ത കച്ചവടത്തിനു മീതെ മറ്റൊരാൾ കച്ചവടം ചെയ്യരുത്. തന്റെ ഹൃദയത്തിലെ വിദ്വേഷവും പകയും കാരണം കച്ചവടം തകർക്കാനായി പരിശ്രമിക്കരുത് എന്ന് മാത്രമല്ല ഇതിന്റെ പൊരുൾ. അതേപോലെ തന്റെ സാമ്പത്തിക മേന്മ കാരണം സാധനത്തിന് കൂടുതൽ വില നൽകി മുമ്പ് ചെയ്ത കച്ചവടത്തെ ഇല്ലാതാക്കുക എന്നതും മാത്രമല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. മറിച്ച് വളരെ വിശാലമായ ആശയം ഇത് ഉൾക്കൊള്ളുന്നുണ്ട്.

ചിലപ്പോൾ കണ്ടുവരുന്ന ഒരു പ്രവണത പറയാം. ഒരാൾ ഒരു സ്ഥലത്ത് വിവാഹബന്ധം ആലോചിക്കുന്നുണ്ടാകും. സംസാരം നടന്നുകൊണ്ടിരിക്കുകയായിരിക്കും. ഉടനെ മറ്റൊരു ബന്ധവുമായി

മറ്റുള്ളവർ അവിടെ എത്തുന്നു. അവിടെ മറ്റൊരു ബന്ധത്തെക്കുറിച്ച് സംസാരിക്കുന്നുണ്ടെന്ന് അറിഞ്ഞിട്ടുണ്ടെങ്കിൽ, ഒരു ആലോചന നടക്കുമ്പോൾ മറ്റൊരു ആലോചനയുമായി അവിടെ പോകാൻ ഒരഹ്മദിക്കും പാടില്ല. ആൺകുട്ടിയുടെ അടുത്തും പെൺകുട്ടിയുടെ അടുത്തും അന്വേഷണവുമായി ചെല്ലരുത്. ഇതേപോലെ ഏതൊരു ആലോചനയാണോ നൽകുന്നത് ആ ആലോചനയെക്കുറിച്ച് ദുആ ചെയ്തുകൊണ്ട് തീരുമാനമെടുക്കുകയാണ് വേണ്ടത്. പിന്നീട് വല്ല അന്വേഷണത്തെക്കുറിച്ച് ചിന്തിക്കാനെ പാടില്ല. ദുആ ചെയ്തതിനുശേഷം ആദ്യത്തെ ആലോചനയിൽ സംതൃപ്തമല്ലെങ്കിൽ മാത്രമെ രണ്ടാമത്തെത് പരിഗണിക്കാവൂ.

മറ്റൊരു പ്രവണത കണ്ടുവരുന്നത് ഇതാണ്. പെൺകുട്ടിക്കോ ആൺകുട്ടിക്കൊ ഒരു ആലോചന വരുന്നു. എന്നാൽ ഈ പെൺകുട്ടിയോടോ ആൺകുട്ടിയോടോ വെറുപ്പുള്ള മൂന്നാമതൊരു വീട്ടുകാർ ആൺകുട്ടിക്ക് ഇന്ന ഇന്ന ന്യൂനതകളുണ്ടെന്നും നിങ്ങൾക്ക് ഇതിനെക്കാളും നല്ല ബന്ധം ഞങ്ങൾ പറഞ്ഞുതരാം എന്നും പറഞ്ഞ് പെൺകുട്ടിയുടെ വീട്ടുകാരെ സമീപിക്കുന്നു. ഇന്ന ആലോചന നിങ്ങൾ വേണ്ടെന്നുവെക്കണമെന്നും പറയുന്നു. എന്നാലോ മറ്റൊരു ബന്ധം അവർക്ക് പറഞ്ഞുകൊടുക്കുന്നുമില്ല. ഇതെല്ലാം അസൂയയും വിദ്വേഷവും തഖ്‌വയുടെ കുറവും കാരണമാണ് ഉണ്ടാകുന്നത്. അങ്ങനെ രണ്ട് വീടുകളെ തകർക്കുന്നു.

മറ്റുചില സന്ദർഭങ്ങളിൽ പെൺകുട്ടിയുടെ വീട്ടുകാരെയും പെൺകുട്ടിയെയും അപകീർത്തിപ്പെടുത്തുന്നതിനായി ശ്രമിക്കുന്നു. ഇതെല്ലാം അസൂയ കാരണമാണ്. അങ്ങനെ ഒരു തെറ്റിനുശേഷം മറ്റൊരു തെറ്റ് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. പെൺകുട്ടിയെക്കുറിച്ച് ആക്ഷേപങ്ങൾ ഉന്നയിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞ കാര്യം ഓർക്കുക. ഹൃദയത്തെ തഖ്‌വ കൊണ്ട് നിറക്കുക. എല്ലാ കാര്യത്തിലും തഖ്‌വയുടെ മാർഗം സ്വീകരിക്കുക. തഖ്‌വയുടെ നിലവാരത്തെക്കുറിച്ച് അതിന്റെ മാതൃകയെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ നിങ്ങളോട് പറഞ്ഞുതന്നിട്ടുണ്ട്. لَقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ

നിശ്ചയമായും അല്ലാഹുവിന്റെ റസൂലിൽ നിങ്ങൾക്ക് ഉത്തമമായ മാതൃകയുണ്ട്.

ആരുടെ കയ്യിൽ നിന്നാണോ മറ്റു മുസ്‌ലിംകൾ സുരക്ഷിതമായിരിക്കുന്നത് അവരാണ് മുസ്‌ലിം എന്ന് മാത്രമല്ല ആ മഹാത്മാവ് പറഞ്ഞത്. മറ്റു മനുഷ്യരെല്ലാവരും ആരുടെ കരങ്ങളിൽ നിന്നാണോ സുരക്ഷിതമായിരിക്കുന്നത് അവരാണ് മുസ്‌ലിം എന്നാണ്. സഹാനുഭൂതി എന്ന വികാരം പ്രകടിപ്പിക്കുന്നതിൽ ഏറ്റവും ഔന്നത്യത്തിലെത്തിയ മഹാനായിരുന്ന തിരുനബി(സ) ഔദാര്യത്തിലും വാത്സല്യത്തിലും ഏറ്റവും ഔന്നത്യം പ്രാപിച്ചിരുന്നു. ഒരു സൽസ്വഭാവത്തിന്റെയും ഔന്നത്യം തിരുനബി(സ) കരസ്ഥമാക്കാതിരുന്നിട്ടില്ല.

അതുകൊണ്ട് പരിശുദ്ധ മാറ്റം ഉണ്ടാക്കാനായി ഇന്നിവിടെ ഒരുമിച്ച് കൂടിയ നാം ഈ മാതൃകകളെയാണ് അയവിറക്കേണ്ടത്. തിരുനബി(സ) യുടെ വാക്കുകളും ആ മഹാത്മാവിന്റെ പവിത്ര മാതൃകകളും മുഖേന നമുക്കെത്തിയിരിക്കുന്ന ഉപദേശങ്ങൾ ശ്രവിക്കുകയാണ് വേണ്ടത്. തിരുനബി(സ) പറഞ്ഞു. ദീൻ സർവ്വത്ര നന്മയാകുന്നു. ചോദിക്കപ്പെട്ടു. ആരോടുള്ള നന്മയാണ് ഉദ്ദേശ്യം. അല്ലാഹു, അവന്റെ ഗ്രന്ഥം, അവന്റെ റസൂൽ, മുസ്‌ലിം നേതാക്കൾ, അവരുടെ പൊതുജനങ്ങൾ എന്നവരോട് നന്മ ആഗ്രഹിക്കലാണ് ദീൻ. അതുകൊണ്ട് ഒരു യഥാർത്ഥ വിശ്വാസിക്ക് എവിടെയും ഓടിയൊളിക്കാൻ കഴിയില്ല. പൊതുജനങ്ങളോട് നന്മ ചെയ്യുന്നതിനെയും വളരെ ഔന്നത്യത്തിൽ എത്തിക്കുകയുണ്ടായി. ഏതുവരെയെന്നാൽ ഇതു ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിനോടുള്ള കടമകളോ അവന്റെ ഗ്രന്ഥത്തോടുള്ള ബാധ്യതകളോ റസൂലിനോടുള്ള കടമകളോ നമുക്ക് നിറവേറ്റാൻ കഴിയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇക്കാര്യങ്ങൾ വിവരിക്കുന്നുണ്ട്. അതിന്റെ ആശയം ഇതാണ്.

യഥാർത്ഥ തഖ്‌വ എന്നു പറഞ്ഞാൽ ഏതെങ്കിലും ഒരു നന്മ ചെയ്തതുകൊണ്ടായില്ല. എല്ലാ നന്മകളും ചെയ്യാൻ പരിശ്രമിക്കേണ്ടതാണ്. നമ്മുടെ യജമാനനും മാർഗദർശകനുമായ പ്രവാചകൻ (സ) ഉന്നതമായ സ്വഭാവമൂല്യങ്ങൾ കരസ്ഥമാക്കുന്നതിനായി ചെയ്ത വിനയാന്വിതമായ ഉള്ളുരുകിയ പ്രാർത്ഥന നോക്കുക.

ശത്രുക്കളോടുള്ള സഹാനുഭൂതിയിൽ പോലും എപ്പോഴും തന്റെ ജീവൻ ഹോമിച്ചിരുന്ന ആ പ്രവാചകൻ, തന്റെ സ്വന്തം ആളുകൾക്കായി തന്റെ ശരീരത്തിന്റെ ഓരോ ഭാഗവും തന്നെ സമ്പൂർണ്ണ കാരുണ്യമാക്കി മാറ്റിയ ആ പ്രവാചകൻ, തന്റെ നാഥന്റെ മുമ്പാകെ വിനയത്തോടും അസ്വസ്ഥതയോടും ഇപ്രകാരം പ്രാർത്ഥിക്കുന്നു.

എന്റെ അല്ലാഹുവേ! ഞാൻ ദുഃസ്വഭാവങ്ങളിൽ നിന്നും ദുഷ്പ്രവർത്തികളിൽ നിന്നും ദുരാഗ്രഹങ്ങളിൽ നിന്നും നിന്നിൽ അഭയം തേടുന്നു. തിരുനബി(സ) തന്റെ ഹൃദയത്തിലേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞ തഖ്‌വയുടെ അടയാളമാണിത്. ഈ സമ്പൂർണ്ണ മാതൃകയെയാണ് അല്ലാഹു നമ്മോട് പിൻപറ്റാൻ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഈ ദുആ എത്രമാത്രം ചെയ്യേണ്ടിയിരിക്കുന്നു. നാം എന്തുമാത്രം ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ ഉള്ളിൽ എന്തുമാത്രം നാം ലജ്ജിക്കണം.

തുടർന്ന് പറയുന്നു. ആരാണോ ഒരു മുസ്‌ലിമിന്റെ ഭൗതികമായ അസ്വസ്ഥതയെയും പ്രയാസത്തെയും അകറ്റിക്കൊടുക്കുന്നത്. അല്ലാഹു ഖിയാമത്ത് നാളിൽ അദ്ദേഹത്തിന്റെ അസ്വസ്ഥതയെയും പ്രയാസങ്ങളെയും അകറ്റുന്നതാണ്. നിർദ്ധനനായ ഒരു വ്യക്തിക്ക് ആരാണോ ആശ്വാസം നൽകുന്നത്. അല്ലാഹു ആഖിറത്തിൽ അവന് ആശ്വാസം നൽകുന്നതാണ്. ആരാണോ ഒരു മുസ്‌ലിമിന്റെ ന്യൂനതകൾ മറച്ചുവെച്ചത് അല്ലാഹു ആഖിറത്തിൽ അവന്റെ ന്യൂനതകൾ മറച്ചുവെക്കുന്നതാണ്. തന്റെ സഹോദരനെ സഹായിക്കാൻ തയ്യാറായിരിക്കുന്ന വ്യക്തിയെ സഹായിക്കാൻ അല്ലാഹുവും തയ്യാറായി നിൽക്കുന്നു. അതുകൊണ്ട് ഖിയാമത്തു നാളിൽ എല്ലാവിധ അസ്വസ്ഥതകളിൽ നിന്നും സുരക്ഷിതമായിട്ടിരിക്കും എന്ന് ആർക്കാണ് പറയാൻ സാധിക്കുക. തന്റെ പ്രവർത്തനത്തിൽ അഹങ്കരിച്ചുകൊണ്ട് ഞാൻ കൂടുതൽ നന്മകൾ ചെയ്തിട്ടുണ്ടെന്ന് ആർക്കാണ് അഹങ്കരിക്കാൻ കഴിയുക.

ചുരുക്കത്തിൽ ഈ ലോകം ഭയവിഹ്വലമായ ഒരിടമാണ്. അല്ലാഹു പറഞ്ഞുതന്ന മാർഗത്തിലൂടെ ചരിച്ചുകൊണ്ട് നന്മ ചെയ്യാനുള്ള തൗഫീഖ് ലഭിക്കാനായി ഒരു വിശ്വാസിക്ക് എപ്പോഴും ചിന്ത ഉണ്ടായിരിക്കേണ്ടതാണ്. ഏതു പ്രവർത്തിയാണ് ദൈവവുമായി എന്നെ അടുപ്പിക്കുക എന്നും എന്റെ മോചനത്തിന് കാരണമാകുക എന്നും എപ്പോഴും ചിന്തിക്കുക.

നമ്മുടെ ദൈവം എത്ര പ്രിയങ്കരനാണ്. നമ്മുടെ പ്രവാചകനും എത്ര മാത്രം പ്രിയങ്കരൻ. ഓരോ പ്രവർത്തനത്തെക്കുറിച്ചും നമുക്ക് വ്യക്തമായി പറഞ്ഞുതന്നിട്ടുണ്ട്. ഒരു പ്രവർത്തിക്കും പ്രാധാന്യം നൽകാതിരുന്നിട്ടില്ല. അതുകൊണ്ട് തന്റെ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിനും തന്റെ പര്യവസാനം നന്നാക്കിത്തീർക്കുന്നതിനുമായി പരിശ്രമിക്കുന്നവൻ എത്ര ഭാഗ്യവാന്മാർ. അല്ലാഹു അവരുടെ അസ്വസ്ഥതകൾ ഇല്ലാതാക്കുന്നതിനും അവർക്ക് ആശ്വാസം പകരുകയും ചെയ്യുന്നതിനായി അവർ പരിശ്രമിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) മറ്റുള്ളവരോട് സഹാനുഭൂതിയും കാരുണ്യവും കാണിക്കേണ്ടതിനെക്കുറിച്ച് പറയുന്നു. മാനവരാശിയോട് കാരുണ്യം കാണിക്കുകയും അവരോട് സഹാ

നുഭൂതി പ്രകടിപ്പിക്കുകയും ചെയ്യുക എന്നത് ശ്രേഷ്ഠമായ ആരാധനയാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ള ഒരു ശക്തമായ മാർഗവുമാണിത്. എന്നാൽ ഇക്കാര്യത്തിൽ വളരെയധികം ബലഹീനത ഉള്ളതായി ഞാൻ കാണുന്നു. മറ്റുള്ളവരെ നിസ്സാരമായി കാണുന്നു. അവരെ പരിഹസിക്കുന്നു. അവരുടെ പ്രശ്നങ്ങൾ അന്വേഷിക്കുകയും ഏതെങ്കിലും പ്രയാസത്തിൽ അവരെ സഹായിക്കുകയും ചെയ്യുക എന്നത് വലിയ കാര്യമാണ്.

പറയുന്നു. സൃഷ്ടികളോട് സഹാനുഭൂതി പ്രകടിപ്പിക്കുക എന്നത് ഉന്നതമായ മൂല്യമാണ്. മനുഷ്യൻ ഇത് കളഞ്ഞുകുളിക്കുകയും ഇതിൽ നിന്ന് അകലുകയും ചെയ്യുകയാണെങ്കിൽ പതുക്കെപ്പതുക്കെ അവൻ വന്യമൃഗമായിത്തീരുന്നു. മനുഷ്യന്റെ മനുഷ്യത്വം അവനോട് ആവശ്യപ്പെടുന്നതും മനുഷ്യൻ മനുഷ്യനായിത്തീരുന്നതും അവൻ തന്റെ സഹോദരനോട് ഔദാര്യത്തോടും സൽപെരുമാറ്റത്തോടും കാരുണ്യത്തോടും വർത്തിക്കുമ്പോഴാണ്. അങ്ങനെ അവർക്കിടയിൽ ഒരു ഭിന്നതയും കൽപ്പിക്കാതിരിക്കുമ്പോഴുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) മറ്റു മതങ്ങളിൽ ഇസ്‌ലാമിന്റെ ശ്രേഷ്ഠത വിവരിച്ചുകൊണ്ടാണ് പറയുന്നു: മാതാപിതാക്കളോടും മക്കളോടും മററു അടുത്ത ബന്ധുക്കളോടും അഗതികളോടുമുള്ള കടമകളെക്കുറിച്ച് എത്രകണ്ട് വിശുദ്ധ ഖുർആൻ വിവരിച്ചിട്ടുണ്ടോ അത്രയും മറ്റു ഗ്രന്ഥങ്ങളിൽ വിവരിച്ചതായി ഞാൻ മനസ്സിലാക്കുന്നില്ല.

അല്ലാഹു പറയുന്നു.

وَاعْبُدُوا اللّٰهَ وَلَا تُشْرِكُوْا بِهٖ شَيْـًٔا وَّبِالْوَالِدَيْنِ اِحْسَانًا وَّبِذِى الْقُرْبٰى
وَالْيَتٰمٰى وَالْمَسٰكِيْنِ وَالْجَارِ ذِى الْقُرْبٰى وَالْجَارِ الْجُنُبِ وَالصَّاحِبِ بِالْجَنْۢبِ
وَابْنِ السَّبِيْلِ ۙ وَمَا مَلَكَتْ اَيْمَانُكُمْ ۗ اِنَّ اللّٰهَ لَا يُحِبُّ مَنْ كَانَ مُخْتَالًا فَخُوْرَا ۙ﴿۳۷﴾

നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനോടൊപ്പം ഒന്നിനെയും പങ്കുചേർക്കരുത്. നിങ്ങളുടെ മാതാപിതാക്കളോട് കാരുണ്യത്തോടെ വർത്തിക്കുക. നിങ്ങളുടെ അടുത്ത ബന്ധുക്കളോടും കാരുണ്യത്തോടെ വർത്തിക്കുക. ഈ വചനത്തിൽ മക്കളും കുടുംബങ്ങളും മറ്റെല്ലാ ബന്ധുക്കളും ഉൾപ്പെട്ടു കഴിഞ്ഞിരിക്കുന്നു. തുടർന്ന് പറഞ്ഞത് യത്തീമുകളോട് കാരുണ്യത്തോടെ വർത്തിക്കുക. മിസ്ക്കീനുകളോടും അതേ രീതിയിൽ വർത്തിക്കുക. അടുത്ത അയൽവാസികളാണെങ്കിലും അറിയാത്ത അയൽവാസിയാണെങ്കിലും അവരോടും ഏതെങ്കിലും പ്രവർത്തിയിൽ പങ്കാളിയായ കൂട്ടുകാരനും ഏതെങ്കിലും യാത്രയിലോ നമസ്ക്കാരത്തിലോ കൂട്ടുകാരനാണെങ്കിലും അതേപോലെ യാത്രക്കാരും നിങ്ങളുടെ നിയന്ത്രണത്തിലുള്ള സർവ്വസൃഷ്ടിജാലങ്ങളോടും എല്ലാവരോടും കാരുണ്യത്തോടെ വർത്തിക്കുക. അഹങ്കരിക്കുകയും പൊങ്ങച്ചം കാണിക്കുകയും മറ്റുള്ളവരോട് കരുണ ചെയ്യാത്തവരെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു.

അവന്റെ സൃഷ്ടികളോട് കരുണ ചെയ്യുക. നാവുകൊണ്ടോ കൈകൊണ്ടോ മറ്റേതെങ്കിലും വിധത്തിലോ ആരോടും അക്രമം കാണിക്കരുത്. സൃഷ്ടികളുടെ നന്മക്കായി പരിശ്രമിച്ചുകൊണ്ടിരിക്കുക. ആരോടും അഹങ്കരിക്കരുത്. നിങ്ങളുടെ കീഴിലുള്ളവരാണെങ്കിലും ശരി. ആരെയും ചീത്ത പറയരുത്. അവർ ചീത്ത വിളിക്കുന്നുണ്ടെങ്കിൽ തന്നെയും. സാധുവും നമ്രഹൃദയനും സദുദ്ദേശ്യമുള്ളവരും സൃഷ്ടികളോട് സഹാനുഭൂതി ഉള്ളവരുമായിത്തീരുക. നിങ്ങൾ സ്വീകരിക്കപ്പെടുന്നതിനുവേണ്ടി. വലിയവരായികൊണ്ട് ചെറിയവരോട് കരുണ കാണിക്കുക. അവരെ അവഹേളിക്കരുത്. പണ്ഡിതനായി കൊണ്ട് പാമരരെ ഉപദേശിക്കുക. തൻപ്രമാണിത്വം കാണിച്ചുകൊണ്ട് അവരെ അവഹേളിക്കരുത്. ധനവാന്മാരായിക്കൊണ്ട് ദരിദ്രരെ സേവിക്കുക. ദുരഭിമാനം കാണിച്ച് അവരോട് അഹങ്കരിക്കരുത്. നാശത്തിന്റെ മാർഗങ്ങളെ ഭയന്നിരിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിലെ വ്യക്തികൾക്ക് നൽകിയ അധ്യാപനമാനവും അദ്ദേഹത്തിന്റെ ഹൃദയാഭിലാഷവുമാണിത്. നാം ലോകത്തിന്റെ മുമ്പാകെ പവിത്രമാതൃക പ്രകടിപ്പിക്കുന്നവരായാൽ മാത്രം പോരാ, അതോടൊപ്പം അല്ലാഹുവിന്റെ കാരുണ്യം കരസ്ഥമാക്കുന്നവരുമായി നാം മാറേണ്ടതാണ്.

ഒരു ഹദീസിൽ വരുന്നു. തിരുനബി (സ) അരുളി. കരുണ ചെയ്യുന്നവരോട് റഹ്മാനായ അല്ലാഹു കരുണ ചെയ്യുന്നതാണ്. നിങ്ങൾ ഭൂവാസികളോട് കരുണ ചെയ്യുക. ആകാശത്തുള്ളവൻ നിങ്ങളോട് കരുണ ചൊരിയുന്നതാണ്.

നാം അല്ലാഹുവിനോട് അവന്റെ കരുണ ചോദിക്കുമ്പോൾ എല്ലാ കാര്യത്തിലും അവന്റെ കാരുണ്യം വ്യാപിപ്പിക്കുന്നതിന്നായി അവനോട് ചോദിക്കുമ്പോൾ സൃഷ്ടികളോട് നാം കാണിക്കുന്ന സഹാനുഭൂതിയുടെ പ്രകടനവും മുമ്പത്തെക്കാളുപരി ചെയ്യേണ്ടതായി വരും. അതിനും വൈപുല്യം നൽകേണ്ടതായി വരും.

ഈ ദിനങ്ങളിൽ അല്ലാഹുവുമായുള്ള ബന്ധം ശക്തിപ്പെടുത്താനായി അഹ്മദികൾ പരിശ്രമിക്കുമ്പോൾ സൃഷ്ടികളോടുള്ള സഹതാപം കൂടുതൽ പ്രകടിപ്പിക്കുകയും വിദ്വേഷവും പകയും പരസ്പര പിണക്കവും ഇല്ലാതാക്കാനും പരിശ്രമിക്കുക. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി പരസ്പരം അവകാശങ്ങൾ നൽകുന്നതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഹൃദയത്തിലെ അഴുക്കുകളും വിദ്വേഷങ്ങളും അകലാത്തിടത്തോളം കാലം ഇത് ശരിയായിത്തീരുന്നതല്ല. എല്ലാവരോടും യാതൊരു വിധ വ്യത്യാസവും കൽപ്പിക്കാതെ സഹാനുഭൂതി പ്രകടിപ്പിക്കുന്നതാണ് യഥാർത്ഥത്തിലുള്ള സഹാനുഭൂതി. ഇതാണ് മറ്റുള്ളവർക്കായി ദുആക്ക് പ്രേരണ നൽകുന്നത്. പരസ്പരമുള്ള ദുആ മുഖേന തഖ്‌വ ഉണ്ടായിത്തീരുന്നു. മനസ്സിന്റെയും ആത്മാവിന്റെയും പവിത്രതക്കുള്ള സാഹചര്യം സംജാതമാകുന്നു. സൃഷ്ടികളോടുള്ള കടമനിർവ്വഹണത്തിന്റെ പുതിയ മേഖലകൾ സൃഷ്ടിക്കപ്പെടുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരു കാര്യത്തെ മുൻനിർത്തിക്കൊണ്ടാണോ നമ്മോട് ബൈഅത്തിന്റെ പ്രതിജ്ഞ വാങ്ങിയിരിക്കുന്നത് അത് നിസ്സാര കാര്യമല്ല. അത് നമ്മുടെ അവസ്ഥയിൽ മാറ്റം വരുത്തുന്നതിന്ന് അനിവാര്യമാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനും അനിവാര്യമാണ്. സമൂഹത്തിൽ ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങളെ വ്യാപിപ്പിക്കാനും വിപ്ലവം സംജാതമാക്കാനും അനിവാര്യമാണ്.

അതുകൊണ്ട് ഈ ദിനങ്ങളിൽ ഈ വികാരത്തെ വർദ്ധിപ്പിക്കാനും വർദ്ധിപ്പിച്ചുകൊണ്ടേപോകാനും പരിശ്രമിക്കുക. അല്ലാഹു എല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകാനും ദുആ ചെയ്യുക. അല്ലാഹു എല്ലാവരെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആയുടെ അവകാശികളാക്കി മാറ്റട്ടെ. നമ്മളിലുള്ള ഓരോരുത്തരും ജൽസയുടെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നവരായിത്തീരട്ടെ. നമ്മുടെ മക്കളും അഹ്മദിയ്യത്തുമായി സുദൃഢബന്ധം പുലർത്തുന്നവരായിത്തീരട്ടെ. ഒരു ആത്മീയ വിപ്ലവം അവരിൽ ഉണ്ടാക്കുന്നവരാക്കി മാറട്ടെ.

അല്ലാഹു ഈ ദിനങ്ങളിലും ഭാവിയിലും എപ്പോഴും ജമാഅത്തംഗങ്ങളെ ശത്രുക്കളുടെ എല്ലാ ഉപദ്രവത്തിൽ നിന്നും രക്ഷിക്കുമാറാകട്ടെ. ലോകം കുതിച്ചുപോയിക്കൊണ്ടിരിക്കുന്ന നാശത്തിൽ നിന്നും അല്ലാഹു ലോകത്തെ രക്ഷിക്കട്ടെ എന്ന് സഹാനുഭൂതി എന്ന വികാരത്തോടുകൂടി പ്രാർത്ഥിക്കുക. മുസ്‌ലിം ഉമ്മത്തിന് വേണ്ടിയും മുസ്‌ലിം ഭരണകൂടങ്ങൾക്ക് വേണ്ടിയും ദുആ ചെയ്യു

ക. വലിയ പരീക്ഷണത്തിലാണ് ഇവരുള്ളത്. എന്തുകൊണ്ടാണ് ഈ പരീക്ഷണങ്ങൾ എന്ന് പര്യാലോചന നടത്താൻ പോലും ഇവർ തയ്യാറാകുന്നില്ല. അല്ലാഹുതആല ഇവർക്ക് കാലഘട്ടത്തിന്റെ ഇമാമിനെ അംഗീകരിക്കാനുള്ള തൗഫീഖ് നൽകട്ടെ.

ഒന്ന് രണ്ട് കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമസ്കാരകാര്യത്തിൽ ഈ നാളുകളിൽ പ്രത്യേകം ശ്രദ്ധിക്കുക. സുബഹി നമസ്ക്കാര സമയത്ത് ആളുകൾ ഈ ഹാളിൽ കിടന്നുറങ്ങുന്നുണ്ടായിരുന്നു. നമസ്കാരം കഴിഞ്ഞിട്ടും ഉറങ്ങുക തന്നെയായിരുന്നു. ഇവിടെ തഹജ്ജുദ് പോലും അനുഷ്ഠിക്കപ്പെട്ടിരുന്നു. നമസ്ക്കാരവും തുടർന്ന് അനുഷ്ഠിക്കപ്പെട്ടു. അവരിൽ ചിലർ യുവാക്കളായിരുന്നു. രോഗികളുമായിരിക്കാം. എന്നാൽ പോലും നമസ്ക്കരിക്കേണ്ടത് നിർബന്ധമാണ്. എഴുന്നേറ്റ് നമസ്ക്കരിക്കുക. എന്നിട്ട് കിടന്നുറങ്ങുക. ഇന്നത്തേതു പോലുള്ള അവസ്ഥ ഇനി കാണാൻ പാടില്ല. സംഘാടകർ ഈ കാര്യം ശ്രദ്ധിക്കേണ്ടതാണ്. തർബിയ്യത്ത് വകുപ്പ് എല്ലാവരെയും ഉണർത്തേണ്ടതാണ്. നാം ഇവിടെ ഒരു ഹാളിനകത്തായതുകൊണ്ട് സെക്യൂരിറ്റി കാര്യങ്ങളിൽ അലസത കാണിക്കരുത് എന്ന് ഇന്നലെ ഡ്യൂട്ടിക്കാരോട് ഞാൻ പറഞ്ഞിരുന്നു. ഇവിടെ സുരക്ഷിതമാണെങ്കിൽ കൂടി ഓരോരുത്തരും തന്റെ ചുറ്റും ഇടവും വലവും ശ്രദ്ധിക്കേണ്ടതാണ്. ഒരു ദുഃശക്തിയും നുഴഞ്ഞുകയറാൻ ഇടം നൽകരുത്. അല്ലാഹു എല്ലാവരെയും സംരക്ഷിക്കട്ടെ. നമസ്ക്കാരങ്ങൾക്ക് ശേഷം ഒരു ജനാസ ഗാഇബ് നമസ്ക്കരിക്കുന്നതാണ്. സയ്യിദ അമത്തുല്ലാ ബീഗം സാഹിബയുടേതാണ്. ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ മകളായിരുന്നു. ഇന്നലെയാണ് വഫാത്തായത്. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ 92-ാം വയസ്സിലാണ് വഫാത്തായത്. സയ്യിദ ഛോട്ടീ ആപ്പാ ഉമ്മെ മത്തീൻ സാഹിബയുടെ അനിയത്തിയായിരുന്നു. മെട്രിക്ക് കഴിഞ്ഞതിന് ശേഷം ദീനിയ്യാത്ത് ക്ലാസ് പാസ്സായി. പീർ സലാഹുദ്ദീൻ സാഹിബ് മർഹൂമിന്റെ ഭാര്യയായിരുന്നു. അദ്ദേഹം സർക്കാരിൽ ഡെപ്യൂട്ടി കമ്മീഷണർ എന്ന പദവിയും മറ്റു ഉന്നത സർക്കാർ പദവികളിൽ ഇരുന്നതിനുശേഷം റിട്ടയർ ആയതാണ്. 1943 മുതൽ 1944 വരെ മുൽത്താനിലെ റാവൽ പിണ്ഢിയിൽ സെക്രട്ടറി മാൽ തുടങ്ങിയ ജമാഅത്തിന്റെ വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. 1971 ൽ ഭർത്താവിനോടൊപ്പം ഹജ്ജ് ചെയ്യാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്.

ഇവരുടെ ഒരു പ്രത്യേക ഗുണമായി എല്ലാവരും എഴുതിയത് ജീവിതത്തിൽ പല അപകടഘട്ടങ്ങളും തരണം ചെയ്യേണ്ടിവന്നിട്ടുണ്ടെങ്കിലും, ഒരു യുവാവായ മകന്റെ മരണം ഇവരുടെ ജീവിതത്തിൽ കാണേണ്ടിവന്നു, ഭർത്താവിന്റെ മരണശേഷം ഈ മകന്റെ കൂടെയാണ് താമസിച്ചിരുന്നത്. ആ കുട്ടി പെട്ടെന്ന് മരിക്കുകയായിരുന്നു. എന്നിട്ടും ക്ഷമ കൈകൊണ്ടാണ് ജീവിച്ചത്. ക്ഷമയെ ഒരിക്കലും കൈവിട്ടില്ല. ദുആ ചെയ്യുന്ന ശീലമുള്ള ആളായിരുന്നു. കുട്ടികളെ എപ്പോഴും ഉപദേശിക്കാറുള്ളത് ആരാധന നിലനിർത്തേണമെന്നും നമസ്ക്കാരം ഒരിക്കലും ഉപേക്ഷിക്കരുതെന്നുമാണ്. ദാനധർമ്മങ്ങൾ കൂടുതലായി നൽകിയിരുന്നു. ചില സ്ത്രീകൾക്ക് പ്രത്യേകമായി മാസം തോറും ഒരു സംഖ്യ നൽകിയിരുന്നു. വായനശീലവും ഉണ്ടായിരുന്നു. കുടുംബബന്ധം ഊട്ടി ഉറപ്പിക്കുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്വന്തം കുടുംബക്കാരോടും ഭർതൃഗൃഹത്തിലുള്ളവരോടും - അവരിൽ കൂടുതൽ പേരും അനഹ്മദികളായിരുന്നു - വളരെ ആദരവോടെയാണ് ബന്ധപ്പെട്ടിരുന്നത്. ഭർതൃവീട്ടുകാർ അവരുടെ ഉപദേശത്തെ വളരെയധികം മാനിച്ചിരുന്നു. വിശുദ്ധഖുർആൻ പഠിപ്പിക്കുന്ന കാര്യത്തിൽ വളരെ താൽപര്യം ഉണ്ടായിരുന്നു. എവിടെയെല്ലാം പോയിട്ടുണ്ടോ അവിടെയുള്ള കുട്ടികളെ വിശുദ്ധഖുർആൻ പഠിപ്പിച്ചിരുന്നു. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിനു മുമ്പേ പൂർണ്ണമായ തയ്യാറെടുപ്പ് നടത്തും. കുറിപ്പുകൾ തയ്യാറാക്കും. തന്റെ കുട്ടികളോട് പലപ്പോഴും അഹങ്കാരത്തിൽ നിന്ന് വിട്ട് നിൽക്കാനായി ഉപദേശിക്കുമായിരുന്നു. വിദ്യാഭ്യാസം കുറഞ്ഞ ബന്ധുക്കളെക്കുറിച്ച് പറയാറുള്ളത് അവരോട് ഒരിക്കലും അഹങ്കാരത്തോടെ പെരുമാറരുതെന്നാണ്. ദരിദ്രരുടെ കൂടെ കൂടുമ്പോൾ അവരുടെ ആളായി മാറുക. അല്ലാഹു പരേതയുടെ പദവികൾ ഉയർത്തട്ടെ. ഇവരുടെ മക്കളെയും ഖിലാഫത്തുമായി ബന്ധപ്പെടുത്തി നിർത്തട്ടെ. ജമാഅത്തുമായി ബന്ധപ്പെടുത്തി നിർത്തട്ടെ. നന്മ ചെയ്യാനുള്ള തൗഫീഖ് നൽകട്ടെ.

അമീർ സാഹിബിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശബ്ദം ഇവിടെയും ലജ്ന ഹാളിലും എല്ലാം വളരെ നല്ലതായിരുന്നു. പുരുഷന്മാരുടെ ഹാളിലും വളരെ നല്ലതായിരുന്നു. ഇവിടെ ശബ്ദം തിരിച്ചുവരുന്നുണ്ടായിരുന്നു. നല്ലതായിരുന്നുവെങ്കിൽ അൽഹംദുലില്ലാഹ്. ശബ്ദം ഇനിയും നന്നാക്കണമെന്നുണ്ടെങ്കിൽ നന്നാക്കുക

## PRINTED BOOKS

To

From

Ahmadiyya Mission House

K.N.Road Karapparamba

Calicut -10

KHUTBA: HADRAT MIRZA MASROOR AHMED (atba)

on 2012 June 01 at : Jalsa Salana, Germany.

Translation: M.Nasir Ahmed Kodiyathur 09497343704

Typing: M.P.Abdul Latheef

Printed at: Digital Image Calicut.

Published by: Majlis Khuddamul Ahmadiyya, North Kerala